# മൃഗങ്ങളെ വളർത്തുന്നവർ പാലിക്കേണ്ട മര്യാദകൾ

عَنْ عَبْدِ اللهِ ابْنِ جَعْفَرٍ رَضِىَ اللهُ عَنْهُ فَقَدْ دَخَلَ النَّبِىُّ ﷺ بُسْتَاناً لِرَجُلٍ مِنَ الْاَنْصَارِ، فَوَجَدَ جَمَلاً، فَلَمَّا رَاَى الجَمَلُ النَّبِىَّ ﷺ حَنَّ، وَانْهَمَرَتِ الدُّمُوعُ مِنْ عَيْنَيْهِ، فَذَهَبَ النَّبِيُّ ﷺ الَى الجَمَلِ، وَ مَسَحَ خَلْفَ اُذُنَيْهِ فَسَكَتَ، ثُمَّ سَالَ عَنْ صَاحِبِهِ، فَجَاءَ فَتًى مِنَ الْاَنْصَارِ، فَقَالَ: أَنَا صَاحِبُهُ يَا رَسُولَ اللهِ فَقَالَ ﷺ: (اَفَلاَ تَتَّقِى اللهَ فِى هَذِهِ الْبَهِيمَةِ الَّتِى مَلَّكَكَ اللهُ إِيَّاهَا؟ فَإِنَّهُ شَكَا إِلَيَّ أَنَّكَ تُجِيعُهُ وَتُدْئِبُهُ

**അബ്ദുല്ലാഹിബ്നു ജഅ്ഫറി(റ)ൽ നിന്ന് നിവേദനം: നബി(സ) ഒരു അൻസ്വാരിയുടെ തോട്ടത്തിൽ പ്രവേശിച്ചു. അവിടെ ഒരു ഒട്ടകമുണ്ടായിരുന്നു. ഒട്ടകം നബിയെ കണ്ടപ്പോൾ ദുഃഖസാന്ദ്രമായ ശബ്ദം പുറപ്പെടുവിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്തു. നബി(സ) ഉടനെ ഒട്ടകത്തിന്റെയടുത്തു ചെന്ന് അതിന്റെ ചെവിയുടെ പിൻഭാഗം തടവി. അതോടെ ഒട്ടകം ശാന്തമായി. നബി(സ) ചോദിച്ചു: "ആരാണ് ഈ ഒട്ടകത്തിന്റെ ഉടമ?" ഒരു അൻസ്വാരി യുവാവ് വന്നിട്ടു പറഞ്ഞു: "നബിയേ, ഒട്ടകം എന്റേതാണ്." റസൂൽ(സ) പറഞ്ഞു: "അല്ലാഹു നിനക്കധീനപ്പെടുത്തിത്തന്ന ഈ ജീവിയുടെ കാര്യത്തിൽ നീ അല്ലാഹുവിനെ ഭയപ്പെടുന്നില്ലേ? ഈ ഒട്ടകം, നീ അതിനെ പട്ടിണിക്കിടുകയും തുടർച്ചയായി അതിനെ ജോലിയെടുപ്പിക്കുകയും ചെയ്യുന്നുവെന്ന് എന്നോട് ആവലാതി പറയുകയായിരുന്നു" (അബൂദാവൂദ്).**

മനുഷ്യന്റെ ജീവിത പരിസരത്തോട് ഇണങ്ങി ജീവിക്കുന്ന മൃഗങ്ങളും പക്ഷികളുമുണ്ട്. ഭക്ഷണത്തിനും സവാരിക്കും മറ്റ് വിവിധ ജോലികൾക്കുമായി മനുഷ്യൻ അവയെ ഉപയോഗിക്കുന്നു. ഇങ്ങനെ തന്റെയാവശ്യങ്ങൾക്കായി ഇണക്കി വളർത്തുന്നവയോട് പെരുമാറേണ്ട രീതി വ്യക്തമാക്കുന്നതാണ് ഈ നബിവചനം. വിശപ്പിന് ഭക്ഷണവും ആവശ്യത്തിന് വിശ്രമവും ഈ ജീവികളുടെ അടിസ്ഥാനാവകാശങ്ങളിൽ പെട്ടതാണ്. അത് യഥാസമയം നൽകുമ്പോൾ മാത്രമേ അവയിൽ നിന്നുള്ള ഉപകാരമെടുക്കാൻ മനുഷ്യന് അവകാശമുള്ളുവെന്നർഥം. തങ്ങളുടെ ഉടമസ്ഥതയിലുള്ള മിണ്ടാപ്രാണികളെ പട്ടിണിക്കിടരുതെന്നും അവയുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും വ്യത്യസ്ത സന്ദർഭങ്ങളിൽ നബി(സ) ഉണർത്തിയിട്ടുണ്ട്. സഹ്ലുബ്നു ഹൻളലിയയി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഒരു ഒട്ടകത്തിന്റെ അടുത്തുകൂടി നടന്നുപോയി. അതിന്റെ വയർ മുതുകിനോട് ഒട്ടിയിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു: "ഈ മിണ്ടാജീവികളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ നല്ല നിലയിൽ അതിന്റെ പുറത്ത് യാത്രചെയ്യുകയോ നല്ല നിലയിൽ അതിനെ വിട്ടയക്കുകയോ ചെയ്യുക." (അബൂദാവൂദ്)

വളർത്തു മൃഗങ്ങളെ ചെറുതായി അടിക്കേണ്ടി വരുന്ന ചില സന്ദർഭങ്ങളുണ്ടാവാം. പക്ഷേ അപ്പോൾ പോലും അവയുടെ മുഖത്തടിക്കരുതെന്ന് റസൂൽ(സ) ഉണർത്തിയിട്ടുണ്ട്. ജാബിറി(റ)ൽ നിന്ന് നിവേദനം: "ജന്തുക്കളുടെ മുഖത്തടിക്കുന്നതും മുഖത്ത് പച്ചകുത്തുന്നതും നബി(സ) നിരോധിച്ചിരിക്കുന്നു" (മുസ്‌ലിം).

ഭക്ഷണാവശ്യത്തിനല്ലാതെ വിനോദത്തിനോ തമാശക്കോ വേണ്ടി ഒരു പറവയെയും കൊല്ലാൻ പാടില്ല. നബി(സ) പറഞ്ഞു: "ഒരുവൻ ഒരു കിളിയെ വൃഥാ കൊന്നാൽ അന്ത്യനാളിൽ അത് അല്ലാഹുവിനോട് ഇപ്രകാരം വിലപിക്കും: നാഥാ, ഇന്നയാൾ എന്നെ അനാവശ്യമായി വധിച്ചു. യാതൊരു പ്രയോജനത്തിനും വേണ്ടിയല്ല അയാളെന്നെ വധിച്ചത്" (നസാഇ, ഇബ്നു ഹിബ്ബാൻ).

പക്ഷിമൃഗാദികളുടെ ജീവനും ചോരയും ചിന്തുന്ന, കോഴിപ്പോര്, കാളപ്പോര് പോലുള്ള ക്രൂരവിനോദങ്ങളും പന്തയങ്ങളും റസൂൽ(സ) നിരോധിച്ചിട്ടുണ്ട്. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: "ജന്തുക്കളെ പരസ്പരം പോരടിപ്പിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു" (അബൂദാവൂദ്, തിർമുദി).

കൊല്ലലും പട്ടിണിക്കിടലും ചോരചിന്തലും മാത്രമല്ല പക്ഷികളുടെ കൂട് നശിപ്പിക്കുന്നതും കുഞ്ഞുങ്ങളെ തള്ളപ്പക്ഷിയിൽനിന്ന് വേർപ്പെടുത്തുന്നതുമെല്ലാം അവയോട് ചെയ്യുന്ന ക്രൂരതയാണ്. റസൂൽ(സ) അതെല്ലാം വിലക്കിയിട്ടുണ്ട്. അബ്ദുർറഹ്മാനുബ്നു അബ്ദുല്ല തന്റെ പിതാവിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: "ഞങ്ങൾ നബി(സ)യുടെ കൂടെ ഒരു യാത്രയിലായിരുന്നു. നബി(സ) പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ പുറത്തുപോയി. ഇതിനിടയിൽ ഞങ്ങൾ ഒരു ചെറിയ പക്ഷിയെ കണ്ടു. അതിന്റെ കൂടെ രണ്ട് കുഞ്ഞുങ്ങളുമുണ്ടായിരുന്നു. ഞങ്ങൾ ആ രണ്ട് കുഞ്ഞുങ്ങളെ പിടിച്ചു. അപ്പോൾ ആ തള്ളപ്പക്ഷി കുഞ്ഞുങ്ങളുടെ മീതെ പറന്നുകൊണ്ടിരുന്നു. നബി(സ) തിരിച്ചുവന്നപ്പോൾ ഈ രംഗം കണ്ടു. അദ്ദേഹം പറഞ്ഞു: 'ഈ പക്ഷിയെ അതിന്റെ കുഞ്ഞുങ്ങൾ കാരണം ആരാണ് വേദനിപ്പിച്ചത്? അതിന്റെ കുഞ്ഞുങ്ങളെ അതിനു തന്നെ തിരിച്ചുകൊടുക്കുക.' ഞങ്ങൾ കരിച്ചുകളഞ്ഞ മാളവും നബി(സ) കാണുകയുണ്ടായി. റസൂൽ(സ) ചോദിച്ചു: 'ആരാണിത് കരിച്ചുകളഞ്ഞത്?' ഞങ്ങൾ പറഞ്ഞു: 'ഞങ്ങൾ തന്നെയാണ്.' നബി(സ) പറഞ്ഞു: "തീ കൊണ്ടു ശിക്ഷിക്കാനുള്ള അവകാശം അഗ്നിയുടെ ഉടമസ്ഥന് (അല്ലാഹു) മാത്രമാണുള്ളത്" (അബൂദാവൂദ്). ■